കീടനാശിനി പ്രയോഗിക്കുന്ന തൊഴിലാളികളുടെ സുരക്ഷ

56 [2828] ശ്രീ. സി. പി. മുഹമ്മദ് :
,, എ. സുജനപാൽ :
,, ഡി. സുഗതൻ :
,, പി. ടി. തോമസ് :
,, കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ എന്തെല്ലാം രോഗങ്ങൾ കണ്ടുവരുന്നു;

(ബി) തുടർച്ചയായി കീടനാശിനി പ്രയോഗത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് കണ്ടു വരുന്നത് എന്തെല്ലാം രോഗങ്ങളാണ്;

(സി) കീടനാശിനി പ്രയോഗത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾ എന്തെല്ലാം സുരക്ഷാ നടപടികളാണ് സ്വീകരിക്കേണ്ടത്;

(ഡി) ഈ സുരക്ഷാ നടപടികൾ കൃത്യമായും സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നുണ്ടോ; എങ്കിൽ എപ്രകാരം എന്ന് പറയുമോ?

ഉത്തരം

(എ) പ്രത്യേകമായ തൊഴിൽജന്യ രോഗങ്ങളൊന്നും തോട്ടം തൊഴിലാളികളിൽ കണ്ടുവരുന്നില്ല. ഏതെങ്കിലും പ്രത്യേക രോഗം ബാധിച്ചിട്ടുള്ളതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ത്വക്ക് രോഗമാണ് സാധാരണമായി കണ്ടുവരുന്നത്. കീടനാശിനി പ്രയോഗത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് എന്തെങ്കിലും ഗൗരവമായ അസുഖം ബാധിച്ചതായി റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(സി) കീടനാശിനി പ്രയോഗം കഴിവതും ഉച്ചഭക്ഷണത്തിനു മുൻപേ നടത്താവു എന്ന് ചില തോട്ടങ്ങളിൽ തൊഴിലുടമകളും തൊഴിലാളികളുമായി ധാരണയുണ്ട്. കൈ ഉറയും മാസ്കും ധരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) തൊഴിൽ വകുപ്പ് ഓഫീസർമാർ പരിശോധന നടത്തി സുരക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly